2023
APRIL
17
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസൈറ്റ് ക്യാപ്സൂൾ
SINCE 1995

## വരുമാനം: റെക്കോർഡിടാൻ ബാങ്കുകൾ




**കൊച്ചി:** കടന്നുപോയ സാമ്പത്തിക വർഷം ബാങ്കിങ് മേഖല കൈവരിച്ചതു ചരിത്രത്തിലെ ഏറ്റവും കൂടിയ വരുമാനമായിരിക്കുമെന്ന് അനുമാനം. ബാങ്കുകളിൽ നിന്നുള്ള വരുമാനക്കണക്കുകളുടെ പ്രവാഹത്തിന് ഇന്ന് എച്ച്ഡിഎഫ്സി ബാങ്കിന്റെ പ്രവർത്തന ഫല പ്രഖ്യാപനത്തോടെ തുടക്കമാകുകയാണ്.

എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങി സ്വകാര്യ മേഖലയിലെ ഏതാനും ബാങ്കുകളിൽ നിന്നു വളരെ മികച്ച പ്രവർത്തന ഫലമാണു പ്രതീക്ഷിക്കുന്നത്. പൊതു മേഖലയിൽ നിന്നു വളരെ മികച്ച പ്രവർത്തന ഫലം പ്രതീക്ഷിക്കുന്നവയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, ബാങ്ക് ഓഫ് മഹാരാഷ്ട്ര തുടങ്ങിയവ ഉൾപ്പെടുന്നു.

പൊതു മേഖലയിലെ ബാങ്കുകൾ 2022 ’23 ൽ കൈവരിച്ച ആകെ അറ്റാദായം 1,00,000 കോടി രൂപയ്ക്കു മുകളിലായിരിക്കുമെന്നാണു കണക്കാക്കുന്നത്. 2022 ’23ലെ ഒന്നാം ത്രൈമാസ (ക്യു 1) ത്തിൽ 15,306 കോടി രൂപയായിരുന്നു ആകെ അറ്റാദായം. ക്യു 2 അറ്റാദായം 25,685 കോടി. ഡിസംബറിൽ അവസാനിച്ച മൂന്നാം പാദത്തിൽ 29,175 കോടി രൂപയുടെ അറ്റാദായം നേടിയതോടെ ഒൻപതു മാസത്തെ സഞ്ചിത നേട്ടം 70,166 കോടിയിലെത്തിയിരുന്നു. 2021 ’22 ലെ ഒൻപതു മാസ അറ്റാദായത്തെക്കാൾ 43 ശതമാനമാണു 2022 ’23 ലെ സമാനകാല വർധന.

2015 ’16 മുതൽ 2019 ’20 വരെയുള്ള കാലയളവിൽ പൊതു മേഖലയിലെ ബാങ്കുകൾക്കു പറയാൻ നഷ്ടക്കണക്കുകൾ മാത്രമാണുണ്ടായിരുന്നത്. ആ കാലയളവിലെ സഞ്ചിത നഷ്ടം 2,07,329 കോടി രൂപ വരെ ഉയരുകയുണ്ടായി. 2020 ’21 ൽ 31,820 കോടി രൂപയുടെ സഞ്ചിത ലാഭം നേടിയതോടെയാണു മുന്നേറ്റത്തിന് ആരംഭമായത്. 2016 ’17 മുതൽ 2020 ’21 വരെയായി കേന്ദ്ര സർക്കാർ 3,10,997 കോടി രൂപ പുനർമൂലധനമെന്ന നിലയിൽ പൊതു മേഖലയിലെ ബാങ്കുകൾക്കു നൽകിയതു മുന്നേറ്റത്തിനുള്ള കനത്ത പിന്തുണയായിരുന്നു. കിട്ടാക്കടത്തിന്റെ അളവു കുറച്ചു കൊണ്ടുവരാൻ പൊതു മേഖലയിലെയും സ്വകാര്യ മേഖലയിലെയും ബാങ്കുകൾക്ക് ഒരേപോലെ കഴിഞ്ഞു. വരുമാനക്കണക്കുകൾ ഗണ്യമായ തോതിൽ മെച്ചപ്പെടാൻ ഇതു സഹായകമായി. വായ്പ നിരക്കുകളിൽ തുടർച്ചയായി വരുത്തിയ വർധനയും ബാങ്കുകൾക്കു വലിയ നേട്ടമാണു സമ്മാനിച്ചത്.

# വേനൽച്ചൂട് വൈദ്യുതി ഉപയോഗം വർധിക്കുന്നു



**തിരുവനന്തപുരം:** വേനൽച്ചൂട് കൂടിയതോടെ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപയോഗം ചരിത്രത്തിൽ ആദ്യമായി 10 കോടി യൂണിറ്റ് പിന്നിട്ടു. വ്യാഴാഴ്ചയാണ് ഉപയോഗം 10.03 കോടി യൂണിറ്റിൽ എത്തിയത്. വൈകിട്ട് പീക് ലോഡ് സമയത്തെ ആവശ്യം 4903 മെഗാവാട്ട് എന്ന റെക്കോർഡിലേക്ക് കുതിച്ചു. കഴിഞ്ഞ വർഷത്തെക്കാൾ 518 മെഗാവാട്ടിന്റെ വർധനയാണിത്.

അവധി ദിവസങ്ങൾ ആയതിനാൽ നാളെ വരെ ഉപയോഗം കുറയാം. തിങ്കൾ മുതൽ വീണ്ടും ഇതേ രീതിയിൽ ഉപയോഗം കൂടിയാൽ പ്രതിസന്ധി ആകും. കഴിഞ്ഞ വർഷത്തെ കൂടിയ വൈദ്യുതി ഉപയോഗം കഴി!ഞ്ഞ ഏപ്രിൽ 28 ന് രേഖപ്പെടുത്തിയ 9.288 കോടി യൂണിറ്റും വൈകിട്ടത്തെ ഏറ്റവും ഉയർന്ന പീക് ലോഡ് ഏപ്രിൽ 27 ന് രേഖപ്പെടുത്തിയ 4385 മെഗാവാട്ടും ആയിരുന്നു. എന്നാൽ ഈ മാസം 11 മുതൽ വൈദ്യുതി ആവശ്യകതയും ലോ!ഡും റെക്കോർഡ് ഭേദിച്ച് മുന്നേറുകയാണ്.

കഴിഞ്ഞ വർഷത്തെക്കാൾ 8 ശതമാനത്തോളം വൈദ്യുതി ഉപയോഗവും, 12 ശതമാനത്തോളം പീക് ലോ!!!!ഡും കൂടി.ആഭ്യന്തര വൈദ്യുതി ഉൽപാദനം ക്രമീകരിച്ചും കേന്ദ്ര വൈദ്യുതി വിഹിതം, ഹ്രസ്വകാല, ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ, പവർ ബാങ്കിങ് സംവിധാനം എന്നിവ ഉപയോഗിച്ചുമാണ് സ്ഥിതി കൈകാര്യം ചെയ്യുന്നത്.വൈകിട്ട് 6 മുതൽ 11 വരെ പുറത്തു നിന്ന് ഉയർന്ന വില നൽകി വൈദ്യുതി വാങ്ങേണ്ട സാഹചര്യമാണ്.കൽക്കരി ക്ഷാമവും ഇറക്കുമതി ചെയ്ത വില കൂടിയ കൽക്കരി ഉപയോഗിക്കണം എന്ന വ്യവസ്ഥയും മൂലം താപ വൈദ്യുതിക്കു വില കൂടുതലാണ്.

വൈദ്യുതി ഉപയോഗം ഇനിയും ഉയർന്നാൽ ബുദ്ധിമുട്ടാകും. ഏപ്രിൽ, മേയ് മാസങ്ങളിൽ യഥാക്രമം 4700 മെഗാവാട്ട്, 4600 മെഗാവാട്ട് വീതം വേണ്ടി വരുമെന്ന പ്രതീക്ഷയിലായിരുന്നു ബോർഡ്. ജലവൈദ്യുത പദ്ധതികളിൽ ജൂൺ ഒന്നിനു ശേഷം ഏകദേശം 20 ദിവസത്തേക്ക് കൂടി ഉൽപാദിപ്പിക്കാനുള്ള കരുതൽ ശേഖരം നിലനിർത്തുന്നുണ്ട്. ഇസ്തിരിപ്പെട്ടി, പമ്പ് സെറ്റ്, വാഷിങ് മെഷീൻ, ഇൻഡക്ഷൻ സ്റ്റൗ തുടങ്ങിയവ വൈകിട്ട് 6 മുതൽ 11 വരെ ഉപയോഗിക്കാതിരുന്നാൽ പ്രതിസന്ധി നേരിടാമെന്നു മന്ത്രി കെ.കൃഷ്ണൻകുട്ടി അറിയിച്ചു.

## ഇൻഫോസിസ്: ലാഭത്തിൽ വർധന




**ന്യൂഡൽഹി:** മാർച്ചിൽ അവസാനിച്ച 3 മാസത്തിൽ ഇൻഫോസിസ് 6128 കോടി രൂപ ലാഭം നേടി. 2022 മാർച്ചിൽ അവസാനിച്ച ഇതേ കാലയളവുമായി താരതമ്യം ചെയ്താൽ 7.8 ശതമാനം വർധന. വരുമാനം 37,441 കോടി രൂപ. വർധന 16 ശതമാനം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം 9 ശതമാനം കൂടി 24,095 കോടിയിലെത്തി. വരുമാനത്തിലുണ്ടായ വർധന 20.7 ശതമാനം. ഇത് 146,767 കോടിയായി. ഒരു ഓഹരിക്ക് 17.50 രൂപ നിരക്കിൽ ലാഭവിഹിതവും പ്രഖ്യാപിച്ചു.



## വന്യമൃഗങ്ങൾക്കു ഭീഷണി; ഗവി റൂട്ടിൽ കർശന നിയന്ത്രണത്തിന് വനംവകുപ്പ്

**സീതത്തോട്:** ഗവി റൂട്ടിൽ കർശന പരിശോധനയും നിയന്ത്രണവും ഏർപ്പെടുത്താൻ വനം വകുപ്പ്. ഗവി കാണാൻ എത്തുന്ന സഞ്ചാരികൾ വന്യ മൃഗങ്ങൾക്കു ഭീഷണി ഉയർത്തുന്നെന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് നീക്കം. കഴിഞ്ഞ ദിവസം ഗവിക്കു സമീപം റോഡിൽ നിൽക്കുകയായിരുന്ന അഞ്ചംഗ കാട്ടാനക്കൂട്ടത്തെ കാറിലെത്തിയ സംഘം റോഡിൽ നിന്ന് ഓടിച്ച് വിടുന്ന ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചിരുന്നു. പാഞ്ഞടുക്കുന്ന കാട്ടാനകൾക്കടുത്തേക്കു വീണ്ടും വാഹനം ഓടിച്ചു ചെല്ലുമ്പോൾ ആനകൾ അലറി വിളിച്ച് സമീപ കാട്ടിലേക്കു മാറുന്നതും വിഡിയോയിൽ കാണാം. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി ഗൂഡ്രിക്കൽ റേഞ്ച് ഓഫിസർ എം. മണി പറഞ്ഞു. കാട്ടാനക്കൂട്ടം വാഹനം ആക്രമിക്കാതിരുന്നത് ഭാഗ്യം കൊണ്ടു മാത്രമാണെന്നാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.

ഗവി കാണാൻ എത്തുന്ന സഞ്ചാരികൾക്കു കർശന മാർഗ നിർദേശങ്ങൾ നൽകിയ ശേഷമാണ് കാട്ടിലേക്കു വാഹനങ്ങൾ കടക്കാൻ അനുവദിക്കുന്നത്.

കാട് കയറിയാൽ പിന്നെ അവരവർ തന്നെ വേണം സുരക്ഷാ കാര്യങ്ങൾ നോക്കാൻ. വഴിയിൽ വനം വകുപ്പിന്റെ റോന്ത് ചുറ്റുന്ന സംഘവും മറ്റ് ഉദ്യോഗസ്ഥരും ഉണ്ട്. എങ്കിലും ആനക്കാട്ടിലൂടെ വളരെ കരുതലോടെ വേണം വാഹനം ഓടിക്കാനെന്നു പറഞ്ഞാണ് പാസ് നൽകുന്നത്. ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ അപകട സാധ്യതയും ഏറെയാണ്.

പ്രധാന റോഡിൽ നിന്ന് വാഹനം കാട്ടിലേക്കു കയറുന്നതിനോ,കാട്ടിൽ ഇറങ്ങി നടക്കുന്നതിനോ അനുമതിയില്ല. പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ വാഹനങ്ങൾ നിർത്താൻ അനുമതിയുള്ളൂ.



ഏപ്രിൽ 25 മുതൽ 28 വരെ പാവക്കുളം മാഹാ ദേവ ക്ഷേത്രത്തിൽ വിശ്വരക്ഷ യാഗസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന നവചണ്ഡികാ യാഗത്തിന്റെ മുന്നോടിയായി ശബരിമല, ഗുരുവായൂർ മുൻ മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതിക്ഷേത്രം പാരമ്പര്യ മേൽശാന്തി ത്രിവിക്രമ അടികൾ എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ കാൽ നാട്ടു കർമ്മം നടത്തിയപ്പോൾ.വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി,ബിജെപി സംസ്ഥാന വക്താവ് കെ.വി.എസ് ഹരിദാസ് തുടങ്ങിയവർ സമീപം

## പാവക്കുളം മാഹാ ദേവ ക്ഷേത്രത്തിൽ നവചണ്ഡികാ യാഗം ഏപ്രിൽ 25 മുതൽ ; കാൽനാട്ടു കർമ്മം നടത്തി

**കൊച്ചി:** പാവക്കുളം മാഹാ ദേവ ക്ഷേത്രത്തിൽ വിശ്വരക്ഷാ യാഗസമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 25 മുതൽ 28 വരെ നടക്കുന്ന നവചണ്ഡികാ യാഗത്തിന്റെ മുന്നോടിയായി കാൽ നാട്ടു കർമ്മം നടത്തി. ക്ഷേത്രസമതിയംഗങ്ങളുടെയും ഭക്തജനങ്ങളുടെയും സാന്നിധ്യത്തിൽ ക്ഷേത്രാങ്കണത്തിൽ നടന്ന കാൽ നാട്ടു കർമ്മത്തിന് ശബരിമല, ഗുരുവായൂർ മുൻ മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതിക്ഷേത്രം പാരമ്പര്യ മേൽശാന്തി ത്രിവിക്രമ അടികൾ എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി,ബിജെപി സംസ്ഥാന വക്താവ് കെ.വി.എസ് ഹരിദാസ്,വിശ്വരക്ഷ യാഗ സമിതി സെക്രട്ടറി പ്രശാന്ത് വർമ്മ,പ്രസിഡന്റ് വിനോദ് കാരോള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.



പ്രൊഫ. എം കെ സാനു ചെയർമാനായി പ്രവർത്തിക്കുന്ന ഫെയ്സ് ഫൗണ്ടേഷൻ ഗാന്ധിനഗറിലെ ഫെയ്സ് ഊട്ടുപുരയിൽ വിഷുവിന് സാധുക്കൾക്ക് മുൻ കേന്ദ്ര മന്ത്രി പ്രൊഫ: കെ. വി തോമസ് വിഷു സദ്യ വിളമ്പുന്നു.

## തെരുവുമക്കൾക്ക് വിഷു കൈനീട്ടവും സദ്യയും ഒരുക്കി ഫെയ്സ് ഫൗണ്ടേഷൻ

**കൊച്ചി:** പ്രൊഫ. എം കെ സാനു ചെയർമാനായി പ്രവർത്തിക്കുന്ന ഫെയ്സ് ഫൗണ്ടേഷൻ വിഷുവിന് തെരുവോരങ്ങളിൽ അന്തി ഉറങ്ങുന്നവർക്കും സാധുക്കൾക്കുമായി ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും വിഷുക്കണി ഒരുക്കിയും വിഷു കൈനീട്ടവും സമൃദ്ധമായ വിഷു സദ്യയും നൽകി.

ഗാന്ധിനഗറിലെ ഫെയ്സ് ഊട്ടുപുരയിൽ നടന്ന ചടങ്ങ് മുൻ കേന്ദ്ര മന്ത്രി പ്രൊഫ: കെ. വി തോമസ് ഉദ്ഘാടനം ചെയ്തു. ഫെയ്സ് ഒരുക്കിയ ചടങ്ങിൽ അദ്ദേഹം എല്ലാവർക്കും വിഷു കൈനേട്ടം നൽകിയശേഷം സദ്യയും വിളമ്പിക്കൊടുത്തു. പഴയകാല വിഷുദിന ഓർമ്മകൾ പങ്കുവെച്ച തോമസ് മാഷ് അവർക്കൊപ്പം ഊണ് കഴിക്കുകയും ചെയ്തു. ഫെയ്സ് മാനേജിംഗ് ട്രസ്റ്റി ടി.ആർ ദേവൻ അധ്യക്ഷത വഹിച്ചു.

ടി.വിനയ് കുമാർ ആമുഖ പ്രഭാഷണം നടത്തി. എ. ബി സാബു, എ.എസ്.രാജൻ, ആർ.ഗിരീഷ്, എം.ആർ ആശിഷ് എന്നിവർ സംസാരിച്ചു.

# കിഴിവ് തർക്കം പരിഹരിച്ചു: നെല്ല് സംഭരണം പുനരാരംഭിച്ചു

**എടത്വ:** കിഴിവിനെച്ചൊല്ലിയുള്ള തർക്കം പരിഹരിച്ചു തലവടി കൃഷിഭവൻ പരിധിയിൽ വരുന്ന 4 പാടശേഖരങ്ങളിലെ നെല്ല് സംഭരിച്ചു. ധാരണ പ്രകാരം 1 കിലോ മുതൽ 6 കിലോ വരെ കിഴിവ് നൽകിയാണ് സംഭരണം നടത്തിയത്. അമിത കിഴിവ് നൽകാത്തതിന്റെ പേരിൽ തലവടി കൃഷിഭവൻ പരിധിയിൽ വരുന്ന പാടശേഖരങ്ങളിൽ കൊയ്ത്തു കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞിട്ടും നെല്ല് സംഭരിക്കാതെ കിടക്കുകയായിരുന്നു.

അതിനിടയിൽ ചമ്പക്കുളം കൃഷിഭവൻ പരിധിയിൽ വരുന്ന കണ്ടങ്കരി പാട്ടത്തിവരമ്പിനകം പാടത്ത് സംഭരണത്തിന് അമിത നെല്ല് കിഴിവ് വാങ്ങിയതുമായി ബന്ധപ്പെട്ട് ഇടനിലക്കാരെ മർദിക്കുകയും നെല്ലു സംഭരണം ഒരു ദിവസം തടസ്സപ്പെടുകയും ചെയ്തിരുന്നു. മാത്രമല്ല തുടർച്ചയായ അവധിയും സംഭരണത്തെ ബാധിച്ചിരുന്നു.

തണ്ണീർമുക്കം ബണ്ടു കൂടി തുറന്നതോടെ കർഷകരുടെ ആശങ്ക ഇരട്ടിക്കുകയും ചെയ്തു. തലവടി എട്ട്യരുമുട്ട് കോതാകരി, വാഴക്കുഴവേലി, മകരച്ചാലി, പുത്തൻവാട



തുടങ്ങിയ പാടശേഖരങ്ങളിലാണ് നെല്ല് കെട്ടിക്കിടന്നത്. ഇന്നലെ സംഭരണം ആരംഭിച്ചതോടെയാണ് കർഷകർക്കാശ്വാസമായത്. ഇവിടെ നിന്നും മാത്രം 1125 ക്വിന്റൽ നെല്ല് സംഭരിച്ചു. കണ്ടങ്കരി പാട്ടത്തിവരമ്പിനകം പാടത്തെ നെല്ലെടുപ്പും ഇന്നലെ നടന്നു.

ജില്ലയിൽ ഇതിനോടകം 80 ശതമാനം കൊയ്ത്തു പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ നെല്ല് കൈമാറി ഒരുമാസം പിന്നിട്ട കർഷകർക്കും വില ലഭിക്കാത്ത സ്ഥിതിയാണ്. രണ്ടാം കൃഷിക്കുള്ള ഒരുക്കങ്ങൾ നടത്തേണ്ട സമയം കഴിഞ്ഞു. വില കിട്ടാത്തതിനാൽ മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥയാണ്.

ബാങ്ക് കൺസോർഷ്യത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടെന്നു പറയുന്നതല്ലാതെ കർഷകർക്ക് ലഭിക്കുന്നില്ല, രണ്ടാം കൃഷി താമസിച്ചാൽ കാലാവസ്ഥയിൽ ഉണ്ടാകുന്ന വിളവെടുപ്പിനെ പോലും ബാധിക്കും. നെല്ലിന്റെ വില കൊടുത്താൽ മാത്രമേ രണ്ടാം കൃഷിയുമായി മുന്നോട്ടു പോകാൻ കഴിയുകയുള്ളൂ എന്ന് എട്ട്യാരു മുട്ട് കോതാകേരി പാടശേഖര സമിതി സെക്രട്ടറി ജോജി ഏബ്രഹാം പറഞ്ഞു..

## വിഷുദിനത്തിൽ നാല് പേർക്ക് പുതുജീവനേകി സുബിൻ യാത്രയായി



**കൊച്ചി** : വാഹനാപകടത്തെ തുടർന്നാണ് 38 വയസുകാരനായ എറണാകുളം പുത്തൻവേലിക്കര സ്വദേശി സുബിൻ ഫ്രാൻസിസിനെ 13/4/12 ന് വ്യാഴാഴ്ച അതീവ ഗുരുതരനിലയിൽ അങ്കമാലി അപ്പോളോ ആഡ്ലക്സ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

വെള്ളിയാഴ്ച വൈകുന്നേരത്തോടെ അദ്ദേഹത്തിന്റെ മസ്തിഷ്ക മരണം സ്ഥിരീകരിച്ചു.അവയവദാനത്തിന്റെ മഹത്വത്തെകുറിച്ച് അറിയാമായിരുന്ന സുബിന്റെ ബന്ധുക്കൾ മൃതസഞ്ജീവനി പദ്ധതിക്ക് നേതൃത്വം നൽകുന്ന ഡോ. നോബിൾ ഗ്രേസിയസിനെ നേരിട്ട് ബന്ധപ്പെട്ട് അവയവ ദാനത്തിനുള്ള സന്നദ്ധത അറിയിച്ചതിനെ തുടർന്നാണ് മറ്റു നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി അവയവദാനം നടത്തിയത്. കരൾ ആസ്റ്റർ മെഡ് സിറ്റിയിൽ ചികിത്സയിലുള്ള 23 വയസുകാരനായ യുവാവിൽ വിജയകരമായി മാറ്റി വെച്ചു.

ഒരു വൃക്ക കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സയിൽ ഉണ്ടായിരുന്ന 22 വയസുകാരനായ വടകര സ്വദേശിക്ക് നൽകിയപ്പോൾ ഹൃദയം ലിസി ആശുപത്രിയിലെ രോഗിക്കും, രണ്ടാമത്തെ വൃക്കയും പാൻ ക്രിയാസ് എന്നിവ അമൃത ആശുപത്രിയിൽ ചികിത്സയിലുള്ള രോഗിയിലും മാറ്റി വെച്ചു.വിഷുദിനത്തിൽ പുലർച്ചെ മൂന്ന് മണിയോടെയാണ് അവയവങ്ങൾ മാറ്റി വെയ്ക്കുന്നതിനുള്ള ശസ്ത്രക്രിയ നടപടികൾ ആരംഭിച്ചത്. സുബിന്റെ വേർപാടിന്റെ വേദനയിലും അവയവദാനത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധുക്കൾ നടത്തിയ പരിശ്രമങ്ങൾ പ്രശംസനീയമാണെന്ന് മൃതസഞ്ജീവനി പ്രോഗ്രാം ഡയറക്ടർ ഡോ. നോബിൾ കൂട്ടിച്ചേർത്തു.

# ജില്ലാ ഹോമിയോ ആശുപത്രിയിൽ ഐപി കെട്ടിടം ഉദ്ഘാടനം നാളെ

**എറണാകുളം** ജില്ലാ പഞ്ചായത്തിന്റെ ജില്ലാ ഹോമിയോ ആശുപത്രിയിൽ പുതിയ ഐപി കെട്ടിടം ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം.എൽ.എ ആയിരുന്നപ്പോൾ അനുവദിച്ച ആസ്തി വികസന ഫണ്ടിൽ നിന്നും 1.52 കോടി ഉപയോഗിച്ച് നിർമ്മിച്ചതാണ് പുതിയ കെട്ടിടം .

ചൊവ്വാഴ്ച രാവിലെ 10 ന് ആശുപത്രി അങ്കണത്തിൽ നടക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം പി അധ്യക്ഷത വഹിക്കും. ടി ജെ വിനോദ് എം എൽ എ മുഖ്യാതിഥിയാവും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് സ്വാഗതം പറയും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം ആമുഖ പ്രസംഗവും ആരോഗ്യ ഉപസമിതി ചെയർമാൻ എം.ജെ. ജോമി മുഖ്യപ്രഭാക്ഷണവും നടത്തും.എക്സിക്യൂട്ടീവ് എഞ്ചിനിയർ റെജീന ബീവി എൻ.എ. റിപ്പോർട്ട് അവതരിപ്പിക്കും

ഹോമിയോപ്പതി ഡയറക്ടർ ഡോ. എം. എൻ. വിജയാംബിക, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ റാണിക്കുട്ടി ജോർജ്ജ്, കെ. ജി. ഡോണാ മാസ്റ്റർ, ആശാ സനിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശാരദ മോഹൻ ,ഷൈനി ജോർജ്ജ്, എ. എസ്. അനിൽകുമാർ , മനോജ് മുത്തേടൻ, ബിന്ദു ശിവൻ (വാർഡ് കൗൺസിലർ) , ജില്ലാ പഞ്ചായത്ത് സെക്രട്ടറി പ്രകാശ് പി. ജി, ഡോ. നൗഷാദ് (ജില്ലാ പ്രോഗ്രാം മാനേജർ, നാഷണൽ ആയുഷ് മിഷൻ ), ഡോ. നിഖിലേഷ് മേനോൻ ആർ. (ജില്ലാ പ്രോഗ്രാം മാനേജർ നാഷണൽ ഹെൽത്ത് മിഷൻ ) എന്നിവർ സംസാരിക്കും. ആശുപത്രി സൂപ്രണ്ട് ഡോ. മേഴ്സി ഗോൺസാൽവാസ് നന്ദി പറയും.

ജില്ലാ പഞ്ചായത്ത് അംഗങ്ങളും കോർപ്പറേഷൻ കൗൺസിലർമാരും പങ്കെടുക്കും.



## എസ് എൻ സ്വാമി സംവിധാന രംഗത്തേയ്ക്ക്; ചിത്രത്തിന് പ്രൗഢഗംഭീരമായ തുടക്കം

**കൊച്ചി:** തന്റെ രചനയിലൂടെ സൂപ്പർ ഹിറ്റ് സിനിമകൾ സമ്മാനിച്ച മലയാള സിനിമയുടെ അഭിമാനം എസ് എൻ സ്വാമി സംവിധായകനാകുന്നു.വിഷു ദിനത്തിൽ ചിത്രത്തിന്റെ പൂജ നടന്നു. സിനിമാ ഇൻഡസ്ട്രിയിലെ എല്ലാ മേഖലകളിലെയും പ്രഗത്ഭരുടെ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായ ചടങ്ങായി മാറുകയായിരുന്നു സിനിമയുടെ പൂജാ വേദി. മറ്റു സിനിമാ പൂജകളിൽ നിന്ന് വ്യത്യസ്തമായി പഴയകാലത്തെ സിനിമകളിൽ മാത്രം ചെയ്തുവന്ന ലൈവ് ഓർക്കസ്ട്രേഷൻ സെക്ഷൻ ഒരുക്കിയാണ് അദ്ദേഹം തന്റെ സിനിമയുടെ ചിത്രീകരണം ആരംഭിച്ചത്. സംവിധായകൻമാരായ ജോഷി, ഷാജി കൈലാസ്, കമൽ, ബി. ഉണ്ണികൃഷ്ണൻ തുടങ്ങിയ സംവിധായകർ ഉൾപ്പെടെ നിരവധി അഭിനേതാക്കളും സിനിമയിലെ പ്രമുഖരും പങ്കെടുത്ത ചടങ്ങ് എറണാകുളം ടൗൺ ഹാളിലാണ് നടന്നത്. ചടങ്ങിൽ എസ് എൻ സ്വാമിയെ സിനിമാ മേഖലയിലെ എല്ലാ കൂട്ടായ്മയുടെയും പ്രതിനിധികൾ ചേർന്ന് വിഷുക്കൈനീട്ടം നൽകുകയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

എസ് എൻ സ്വാമി കഥയും തിരക്കഥയും ഒരുക്കി സംവിധാനം നിർവഹിക്കുന്ന ഈ ചിത്രത്തിൽ ധ്യാൻ ശ്രീനിവാസൻ, രഞ്ജിത്ത്, രഞ്ജി പണിക്കർ, ഗ്രിഗറി, കലേഷ് ,അപർണാ ദാസ്, ആർദ്രാ എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു. ലക്ഷ്മി പാർവതി വിഷൻസിന്റെ ബാനറിൽ രാജേന്ദ്രപ്രസാദ് ആണ് ചിത്രം നിർമ്മിക്കുന്നത്. ചിത്രത്തിന്റെ മറ്റു അണിയറപ്രവർത്തകർ ഇവരാണ് . ജേക്സ് ബിജോയ് ആണ് സംഗീത സംവിധാനം. ഡി.ഒ.പി ജാക്സൺ ജോൺസൺ, എഡിറ്റർ ടി. ബാബുരാജ്, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, പി ആർ ഒ പ്രതീഷ് ശേഖർ.

# ശബരിമല വിമാനത്താവളം
# സർവേയുമായി സർക്കാരിന് മുന്നോട്ട് പോകാമെന്ന് ഹൈക്കോടതി

**കൊച്ചി:** ശബരിമല വിമാനത്താവളത്തിനു ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനു മുന്നോടിയായുള്ള സാമൂഹിക ആഘാത പഠനത്തിനായി സർവേ നടപടികളുമായി സംസ്ഥാന സർക്കാരിനു മുന്നോട്ടു പോകാമെന്നു ഹൈക്കോടതി. ഇതിനായി കേരള സർവേ അതിരടയാള നിയമപ്രകാരം നൽകിയ നോട്ടിസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് എസ്റ്റേറ്റ് ഉടമകളായ അയന ചാരിറ്റബിൾ ട്രസ്റ്റ് (മുൻപത്തെ ഗോസ്പൽ ഫോർ ഏഷ്യ) നൽകിയ ഹർജി ജസ്റ്റിസ് ഷാജി പി. ചാലി തള്ളി. സാമൂഹികാഘാത പഠനത്തിനു വേണ്ടി സർവേ നടത്താൻ സർക്കാരിന് അധികാരമുണ്ടെന്നു വ്യക്തമാക്കിയ കോടതി സമാന സാഹചര്യത്തിലുള്ള ക്കെറയിൽ കേസ് വിധി ചൂണ്ടിക്കാട്ടി. ക്കെറയിൽ വിധി സുപ്രീംകോടതിയും അംഗീകരിച്ചതാണ്.



സർവേ അതിരടയാള നിയമപ്രകാരം സർക്കാർ നോട്ടിസ് നൽകിയതു നിയമവിരുദ്ധമോ സ്വേച്ഛാപരമോ അല്ല. സാമൂഹികാഘാത പഠനത്തിനു ശേഷമാണു ഭൂമി ഏറ്റെടുക്കണോ എന്നു തീരുമാനിക്കുന്നത്. 11ാം വകുപ്പനുസരിച്ചുള്ള ഏറ്റെടുക്കലിനു മുൻപ് നടപടിക്രമങ്ങൾ പലതുണ്ടെന്നു കോടതി പറഞ്ഞു. ഹാരിസൺ മലയാളം കമ്പനിയുടെ പക്കൽ നിന്നു വാങ്ങിയ തങ്ങളുടെ ഭൂമി നിയമപരമല്ലാത്ത മാർഗത്തിലൂടെ ഏറ്റെടുക്കാൻ നോക്കുകയാണെന്നും 2013ലെ പുതിയ ഭൂമിയേറ്റെടുക്കൽ നിയമം മറികടക്കാനുള്ള ശ്രമമാണെന്നും ഹർജിക്കാർ ആരോപിച്ചു.

2023 മാർച്ച് 14നാണു കോട്ടയം കലക്ടർ സർവേ നോട്ടിസ് നൽകിയത്. 2013ലെ പുതിയ ഭൂമിയേറ്റെടുക്കൽ നിയമമോ സർവേ അതിരടയാള നിയമമോ അനുസരിച്ചുള്ള വിജ്ഞാപനങ്ങൾ കിട്ടിയിട്ടില്ലെന്നു ഹർജിക്കാർ മറുപടി നൽകി. തുടർന്ന് സർവേ നിയമപ്രകാരമുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് കലക്ടർ നൽകി. ഇതിനിടെ, എസ്റ്റേറ്റ് ഓഫിസിൽ സർവേയുടെ നോട്ടിസ് പതിപ്പിച്ചിരുന്നു. സാമൂഹികാഘാത പഠനത്തിനു സഹകരിക്കണമെന്നു പറഞ്ഞ് തിരുവനന്തപുരത്തെ സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡവലപ്മെന്റ് ഡയറക്ടർ കത്തും നൽകി.

2013ലെ പുതിയ ഭൂമിയേറ്റെടുക്കൽ നിയമത്തിലെ 11ാം വകുപ്പനുസരിച്ചു വിജ്ഞാപനം ഇറക്കാതെ 12ാം വകുപ്പു പ്രകാരം സർവേ നടത്താനാവില്ലെന്നു ഹർജിക്കാർ വാദിച്ചെങ്കിലും കോടതി തള്ളി. പുതിയ നിയമപ്രകാരം ഭൂമിയേറ്റെടുക്കുന്നതിനു മുൻപ് സാമൂഹിക ആഘാത പഠനം വേണമെന്നു കോടതി പറ!ഞ്ഞു. ഇത് എങ്ങനെ നടത്തണം, റിപ്പോർട്ട് എങ്ങനെ പരിഗണിക്കണം എന്നെല്ലാം നിയമത്തിൽ പറയുന്നുണ്ട്. പബ്ലിക് ഹിയറിങ് നടത്തണം. വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ട് വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരുൾപ്പെട്ട സംഘം സ്വതന്ത്രമായി വിലയിരുത്തണം. സെക്ഷൻ11 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കും മുൻപുള്ള നടപടിക്രമങ്ങൾ ആണിവ. സാമൂഹികാഘാത പഠനത്തിനു സർവേ വേണമെന്നും, പ്രത്യേകിച്ചും വൻതോതിലുള്ള ഭൂമിയിൽ നോട്ടിസ് നൽകി സർവേ നടത്തേണ്ടി വരുമെന്നും കോടതി വ്യക്തമാക്കി.

## കേരളത്തിൽ ആദ്യത്തെ അനുഭവം; ആഢംബര കപ്പൽ ക്ലാസിക് ഇംപീരിയൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സന്ദർശിച്ചു

വിനോദ സഞ്ചാരികളെ വരവേൽക്കാനൊരുങ്ങുന്ന കേരളത്തിലെ ഏറ്റവും വലിയ ആഢംബര കപ്പലായ ക്ലാസിക് ഇംപീരിയൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സന്ദർശിച്ചു. കേരളത്തിലെ ആദ്യത്തെ അനുഭവമാണിത്. പല ഘട്ടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളും അറിയാറുണ്ടെന്നും വളരെ മികച്ച രീതിയിൽ സമർപ്പണത്തോടെയാണ് കപ്പൽ നിർമ്മാണം പുരോഗമിച്ചതെന്നും മന്ത്രി പറഞ്ഞു. ക്ലാസിക് ഇംപീരിയൽ നിർമ്മിക്കുന്ന നിഷിജിത്ത് കെ. ജോണിനെ മന്ത്രി അഭിനന്ദിച്ചു .

ടൂറിസ്റ്റ് ബോട്ട് സർവ്വീസ് മേഖലയിൽ 22 വർഷമായി പ്രവർത്തിക്കുന്ന വല്ലാർപാടം സ്വദേശി നിഷിജിത്ത് കെ. ജോണിന്റെ മൂന്ന് വർഷക്കാലത്തെ പ്രയത്നത്തിന്റെ ഫലമാണ് വരും ദിവസങ്ങളിൽ നീറ്റിലിറങ്ങാൻ തയ്യാറെടുക്കുന്ന ക്ലാസിക് ഇംപീരിയൽ എന്ന ആഢംബര കപ്പൽ. ഐആർഎസ് 185 ക്ലാസിഫിക്കേഷനിലുള്ള 50 മീറ്റർ നീളമുള്ള വെസ്സൽ നിഷിജിത്തിന്റെ ആറാമത്തെ സംരംഭമാണ്.

പോർട്ട് ട്രസ്റ്റിന്റെ സ്ഥലം 1.20 ലക്ഷം രൂപ പ്രതിമാസ വാടകയ്ക്കെടുത്താണു നിഷിജിത്ത് നിർമാണകേന്ദ്രം ഒരുക്കിയത്. നിഷിജിത്തിന്റേയും അൻപതോളം തൊഴിലാളികളുടേയും അധ്വാനത്തിന്റെ ഫലമായി യാത്രയക്കൊരുങ്ങുന്ന ഈ വെസ്സൽ ഐആർഎസ് സുരക്ഷാ മാനദണ്ഡങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

മറൈൻ ഡ്രൈവിൽ സ്വന്തമായി നിർമ്മിച്ച ഫ്ളോട്ടിങ് ജെട്ടിയിൽ നിന്നാകും ക്ലാസിക് ഇംപീരിയൽ കടലിലേക്കുള്ള ഉല്ലാസയാത്രകൾ തുടങ്ങുക എന്നതാണ് മറ്റൊരു പ്രത്യേകത. യാത്രക്കാരുമായി മറൈൻ ഡ്രൈവിൽ നിന്നു പുറം കടലിലേക്കാണ് യാത്ര.

2000 രൂപ ചാർജ് വരുന്ന ലഞ്ച് ക്രൂസിന് ഉദ്ഘാടന ഓഫറായി 1500 രൂപയ്ക്കു യാത്ര ചെയ്യാം. സൺസെറ്റ് ക്രൂസിന് 3000 രൂപയാണ് ചാർജ്, ഉദ്ഘാടന ഓഫറായി ഇതിനും 2000 മതി. 30,000 വാട്സ് സൗണ്ട് സിസ്റ്റവും ലൈറ്റുകളും, ഡിജെ, മ്യൂസിക് ബാൻഡ്, ഡാൻസ് ഉൾപ്പെടെയുള്ള ഉല്ലാസ പരിപാടികളും എസി, നോൺ എസി ഭക്ഷണശാലയും ഫീ ഡിങ് റൂമും അടക്കമുള്ള സൗകര്യങ്ങൾ വെസ്സലിലുണ്ട്.

# റോ റോ സേതു സാഗർ ഒന്ന്: അറ്റകുറ്റപ്പണിക്കായി നീക്കിയിട്ട് 6 മാസം




**എളങ്കുന്നപ്പുഴ:** റോ റോ സേതുസാഗർ ഒന്ന് അറ്റകുറ്റപ്പണിക്കു നീക്കി വൈപ്പിൻ ജെട്ടിയിൽ കെട്ടിയിട്ട് 6 മാസം പിന്നിട്ടു. അറ്റകുറ്റപ്പണി നടത്താനുള്ള ആലോചനപോലും അനിശ്ചിതത്വത്തിലാണ്. പ്രവർത്തിക്കാതെ കിടക്കുന്ന റോറോ തുരുമ്പെടുത്തു നശിക്കുമെന്ന ആശങ്ക ഉയർന്നു. മൂന്നേകാൽ കോടി രൂപ ചെലവിൽ നിർമിച്ച റോ റോ കഴിഞ്ഞ നവംബർ 14നാണ് അറ്റകുറ്റപ്പണിക്കു നീക്കിയത്. 2 റോ റോ സർവീസ് നടത്തിയിരുന്ന വൈപ്പിൻ ഫോർട്ട് കൊച്ചി റൂട്ടിൽ ഒന്നുമാത്രമായതോടെ പതിന്മടങ്ങായി വർധിച്ച യാത്രാക്ലേശം തുടരുകയാണ്. അടിയന്തര അറ്റകുറ്റപ്പണി നടത്തി റോ റോ സർവീസിനിറക്കി പ്രശ്നം പരിഹരിക്കേണ്ട കൊച്ചി കോർപറേഷൻ സ്വീകരിക്കുന്ന അനങ്ങാപാറ നയത്തിനെതിരെ വ്യാപക പ്രതിഷേധം ഉയർന്നിട്ടും നടപടി അകലെയാണ്.

ക്ലച്ച് ബോക്സ് തകരാറിനെ തുടർന്നു നീക്കിയ റോ റോ വാർഷിക അറ്റകുറ്റപ്പണി കൂടി നടത്തണമെന്നു വന്നതോടെയാണു സാമ്പത്തികം വിലങ്ങുതടിയായത്. അതിനിടയിൽ വിദേശത്തു നിന്നെത്തിയ ക്ലച്ച് ബോക്സ് റോ റോ സേതു സാഗർ 2ൽ സ്ഥാപിക്കാനും നിർബന്ധിതമായി.

നിലവിലുള്ള റോ റോ തകരാറിലായാൽ സർവീസ് പൂർണമായി സ്തംഭിക്കുമെന്നാണവസ്ഥ. 2 റോ റോ സുഗമമായി സർവീസ് നടത്തണമെങ്കിൽ 3ാമത് ഒന്നു കൂടി വേണമെന്ന ദീർഘകാല ആവശ്യം മേയർ ശ്രദ്ധയിൽ പ്പെടുത്തിയതിനെ തുടർന്നു സർക്കാർ കഴിഞ്ഞ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നു

പക്ഷേ കോർപറേഷനു കൈമാറിയില്ല. അതോടെ ആ പ്രതീക്ഷയും ഇല്ലാതായി. റോ റോ കാര്യക്ഷമമായി സർവീസ് നടത്തുന്നതിനു നിർദേശം നൽകണമെന്നാവശ്യപ്പെട്ടു വൈപ്പിൻ പാസഞ്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഫ്രാൻസിസ് ചമ്മണി നൽകിയ പൊതുതാൽപര്യഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്.

അറ്റകുറ്റപ്പണിക്ക് അടിയന്തര നടപടി സ്വീകരിക്കാൻ ഇനിയെങ്കിലും കോർപറേഷൻ തയാറാകണമെന്നു വൈപ്പിൻ ജനകീയ കൂട്ടായ്മ ചെയർമാൻ മജ്നു കോമത്ത്,ജനറൽ കൺവീനർ ജോണി വൈപ്പിൻ എന്നിവർ ആവശ്യപ്പെട്ടു

# പരീക്ഷണം വിജയത്തിലേക്ക്; പാലക്കാട് നഗരത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകുന്നു



**പാലക്കാട്** : ഏറെ കഷ്ടപ്പാടുകൾക്കൊടുവിൽ നഗരത്തിലെ ശുദ്ധജല ക്ഷാമത്തിനു പരിഹാരമാകുന്നു. രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്ന മേഖലകളിലും ശുദ്ധജലം എത്തിത്തുടങ്ങി. അവസാന ഘട്ട പ്രവൃത്തികൾ കൂടി പൂർത്തിയാക്കാനുണ്ട്. വിഷു, റമസാൻ ആഘോഷത്തിനു ശേഷം ഇത്തരം പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതോടെ ജലവിതരണം കൂടുതൽ സുഗമമാകും.

നഗരസഭയിലെയും പരിസര പഞ്ചായത്തുകളിലെയും ശുദ്ധജല വിതരണം വെവ്വേറെയാക്കിയുള്ള ജല അതോറിറ്റി പരീക്ഷണ രീതി വിജയിച്ചതോടെയാണ് ക്ഷാമത്തിനു പരിഹാരമായത്. ഇതനുസരിച്ച് പാലക്കാട് നഗരസഭയിലേക്കുള്ള ശുദ്ധജല വിതരണം പൂർണമായും മലമ്പുഴയിൽ പുതുതായി നിർമിച്ച 45 ദശലക്ഷം ലീറ്റർ ശേഷിയുള്ള പ്ലാന്റിൽ നിന്നാക്കി മാറ്റുകയാണ്.

മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, മരുതറോഡ് പഞ്ചായത്തുകളിലേക്കുള്ള ജലവിതരണം മലമ്പുഴയിലുള്ള 9, 12.5 ദശലക്ഷം ലീറ്റർ ശേഷിയുള്ള പ്ലാന്റുകളിൽ നിന്നാക്കി മാറ്റിയിട്ടുണ്ട്. ഈ പ്ലാന്റുകളിലേക്ക് ഡാമിൽ നിന്നു ജലമെടുക്കുന്നത് പുതുശ്ശേരി പ്ലാന്റിലേക്കുള്ള ഇൻടേക് വാൽവിൽ നിന്നാക്കി.

നേരത്തെ എല്ലാം ഒന്നിച്ചുള്ള പമ്പിങ്ങും ജലവിതരണവുമായിരുന്നു. പുറമെ മലമ്പുഴയിലെ 45 എംഎൽഡി പ്ലാന്റ്, മൂത്താന്തറയിലെ പുതിയ ടാങ്ക് എന്നിവയെല്ലാം പൂർണതോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. വെണ്ണക്കര മേഖലയിലെ ജല പ്രശ്നം പരിഹരിക്കാൻ മൂത്താന്തറയിൽ നിന്നുള്ള പുതിയ പൈപ്പ് ലൈനും താമസിയാതെ ചാർജ് ചെയ്യും.

ജലജീവൻ മിഷൻ പദ്ധതി കൂടി ഉപയോഗപ്പെടുത്തി മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, മരുതറോഡ്, പിരായിരി പഞ്ചായത്തുകളിലേക്കും കൂടുതൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി പുരോഗതിയിലാണ്. ഇതിൽ മലമ്പുഴ പഞ്ചായത്തിലേക്കുള്ള പദ്ധതിയുടെ പരീക്ഷണ പമ്പിങ് വിജയകരമായി പൂർത്തിയാക്കി. വിതരണ ലൈനുകളിലേക്കും വെള്ളം വിട്ടു തുടങ്ങിയിട്ടുണ്ട്.

അടുത്തതു മരുതറോഡിലേക്കുള്ള ജലവിതരണമാണ്. ഇതിനായി പടലിക്കാട് പുതിയ ടാങ്കിന്റെ നിർമാണവും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ മരുതറോഡ് പഞ്ചായത്തിലെ പല പ്രദേശങ്ങളിലും വേണ്ടത്ര ജലം എത്തുന്നില്ല. മേയ് മാസം അവസാനത്തോടെ മരുതറോഡ് ജല വിതരണ പദ്ധതിയും കമ്മിഷൻ ചെയ്യാനാകും.ഇതോടെ അവിടുത്തെ ജല പ്രശ്നത്തിനും പരിഹാരമാകുമെന്നാണു പ്രതീക്ഷ. അകത്തേത്തറയിലും പുതുപ്പരിയാരത്തും പദ്ധതികൾ പുരോഗതിയിലാണ്. പിരായിരി, മാത്തൂർ പഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയും നിർമാണ ഘട്ടത്തിലാണ്.



## ഒളപ്പമണ്ണ സ്മാരക മന്ദിരം ഉടൻ പ്രവർത്തനം ആരംഭിച്ചേക്കും

**കോട്ടായി:** പരുത്തിപ്പുള്ളിയിൽ സാംസ്കാരിക വകുപ്പ് നിർമാണം നടത്തിയ മഹാകവി ഒളപ്പമണ്ണ സ്മാരക മന്ദിരം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി തുടങ്ങി. സാംസ്കാരിക വകുപ്പ് കെട്ടിടം പഞ്ചായത്തിനു കൈമാറി. പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഡിപിസി അംഗീകാരം ലഭിച്ച പദ്ധതിയുടെ ടെൻഡർ നടപടികൾ ഉടനെയുണ്ടാകും. ഒരു കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ലൈബ്രറിക്ക് ആവശ്യമായ പുസ്തകം, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനും കെട്ടിടത്തിൽ ശേഷിക്കുന്ന പണികൾ നടത്താനും തുക വിനിയോഗിക്കും. കഴിഞ്ഞ ദിവസം മുൻ മന്ത്രി എ.കെ.ബാലൻ സ്മാരക മന്ദിരം സന്ദർശിച്ച് വേണ്ട നിർദേശങ്ങൾ നൽകിയിരുന്നു.

ഫണ്ടിന്റെ അപര്യാപ്തതയാണു പ്രവർത്തനത്തിനു തടസ്സമായത്. പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിനു പഞ്ചായത്ത് സമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമിതിയാണ് ഇനിയുള്ള പ്രവർത്തനങ്ങൾ നടത്തുക. ലൈബ്രറി, കോൺഫറൻസ് ഹാൾ, റീഡിങ് റൂം, ഓപ്പൺ തിയറ്റർ എന്നിവ ഉൾപ്പെടുന്നതാണു സ്മാരക മന്ദിരം. ചർച്ചകൾ ഉൾപ്പെടെയുള്ള സാംസ്കാരിക പരിപാടികൾ ഉടനെ ആരംഭിക്കും.

കഴിഞ്ഞ വർഷമാണു മുഖ്യമന്ത്രി പിണറായി വിജയൻ സാംസ്കാരിക മന്ദിരം ഉദ്ഘാടനം ചെയ്തത്. സ്മാരക മന്ദിരത്തിന്റെ പ്രവർത്തനം സംസ്ഥാനത്തിനു തന്നെ മാതൃകയാക്കാനാണു പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം. പഞ്ചായത്ത് ഇറിഗേഷന്റെ സ്ഥലം ഏറ്റെടുത്താണു കെട്ടിടം നിർമിച്ചത്. പഞ്ചായത്താണ് സ്ഥലം ഏറ്റെടുത്തു നൽകിയത്. ലൈബ്രേറിയൻ ഉൾപ്പെടെ ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ശമ്പളം, ദൈനംദിന ചെലവുകൾക്കു തുക കണ്ടെത്തണം.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കെൽട്രോണിന്റെ തളിപ്പറമ്പ് നോളജ് സെന്ററിൽ തുടങ്ങുന്ന വിവിധ കമ്പ്യൂട്ടർ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഗ്രാഫിക്സ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ് ടെക്നിക്സ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിൻറനൻസ് വിത്ത് ഇ ഗാഡ്ജറ്റ് ടെക്നോളജീസ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ ആന്റ് സേഫ്റ്റി എന്നീ ഡിപ്ലോമ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളായ ഗ്രാഫിക് ഡിസൈനിങ്, വെബ് ഡിസൈനിങ്, വീഡിയോ ആന്റ് ഓഡിയോ എഡിറ്റിങ്, ടു ഡി അനിമേഷൻ, ത്രീഡി അനിമേഷൻ, വേഡ് പ്രൊസസിങ് ആന്റ് ഡാറ്റാ എൻട്രി എന്നീ കോഴ്സുകളുമാണ് നടത്തുന്നത്. താൽപര്യമുള്ളവർ തളിപ്പറമ്പ് മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് കോംപ്ലക്സിലുള്ള കെൽട്രോൺ നോളജ് സെന്ററുമായി ബന്ധപ്പെടുക.

## ഉദ്ഘാടനത്തിനൊരുങ്ങി നേര്യമംഗലം ബോട്ട് ജെട്ടി

കോതമംഗലത്തിന്റെ വിനോദസഞ്ചാര സാധ്യതകൾക്ക് മുതൽക്കൂട്ടായി മറ്റൊരു പദ്ധതികൂടി യാഥാർത്ഥ്യമാവുകയാണ്. നേര്യമംഗലത്ത് പുതിയതായി നിർമ്മിച്ച ബോട്ട് ജെട്ടി ഉദ്ഘാടത്തിന് തയ്യാറായിരിക്കുകയാണ്. ഏപ്രിൽ 18 ന് വ്യവസായ വകുപ്പ് മന്ത്രി പി.രാജീവാണ് ബോട്ട് ജെട്ടി നാടിന് സമർപ്പിക്കുക. ആന്റണി ജോൺ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്.

കോതമംഗലത്തിന്റെ ടൂറിസം വികസനത്തിന് ഏറെ സാധ്യത നല്കുന്ന പദ്ധതിയാണ് നേര്യമംഗലം ബോട്ട് ജെട്ടി. നേര്യമംഗലം പാലത്തിനു സമീപം പുഴയുടെ ഇടതു കരയിലാണ് പുതിയ ബോട്ട് ജെട്ടി നിർമ്മിച്ചിരിക്കുന്നത്. മൂന്ന് വ്യത്യസ്ത ഉയരങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന ലാന്റിങ്ങ് ഫ്ലോറോട് കൂടിയാണ് ബോട്ട് ജെട്ടി സജ്ജമാക്കിയിരിക്കുന്നത്. പെരിയാർ വാലിയുടെ നേതൃത്വത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്.

മൂന്നാർ, തേക്കടി തുടങ്ങി ഇടുക്കിയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് പോകുന്നവർക്ക് കോതമംഗലത്ത് നിന്നും ഭൂതത്താൻകെട്ടിൽ എത്തി അവിടെ നിന്ന് ബോട്ട് മാർഗം കുട്ടമ്പുഴ, തട്ടേക്കാട്, ഇഞ്ചത്തൊട്ടി പ്രദേശങ്ങളെല്ലാം കണ്ട് നേര്യമംഗലത്ത് എത്തിച്ചേർന്ന് അവിടെ നിന്നും വീണ്ടും യാത്ര തുടരാം.

തിരിച്ച് ഇടുക്കി ഭാഗത്ത് നിന്നും വരുന്നവർക്ക് നേര്യമംഗലത്ത് ഇറങ്ങിയാൽ അവിടെ നിന്ന് ബോട്ട് വഴി ഭൂതത്താൻ കെട്ടിൽ എത്താം. പെരിയാറിന്റെ സൗന്ദര്യം ആസ്വദിക്കുന്നതോടൊപ്പം വന്യ മൃഗങ്ങളെ അടുത്ത് കാണാനുള്ള അവസരവും ഈ യാത്ര സമ്മാനിക്കും. ടൂറിസം സർക്യൂട്ട് അടക്കം ലക്ഷ്യമിട്ടു കൊണ്ടാണ് നേര്യമംഗലത്ത് ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

## പുസ്തക പ്രകാശനം 18ന്

ബാലചന്ദ്രമേനോന്റെ ചലച്ചിത്രങ്ങളെക്കുറിച്ച് ടി.പി. വേണുഗോപാലൻ രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ബാലചന്ദ്രമേനോൻ: കാണാത്ത കാഴ്ചകൾ കേൾക്കാത്ത ശബ്ദങ്ങൾ' എന്ന പഠനപുസ്തകം ഏപ്രിൽ 18ന് വൈകിട്ട് ആറിനു സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്യും. എഴുത്തുകാരി റോസ് മേരി പുസ്തകം ഏറ്റുവാങ്ങും. തിരുവനന്തപുരം ഭാരത് ഭവനിലെ ശെമ്മങ്കുടി ഹാളിൽ നടക്കുന്ന പരിപാടിയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷത വഹിക്കും.

# വൈപ്പിനിൽ മാലിന്യ സംസ്കരണം സമയബന്ധിതമായി നടപ്പാക്കാൻ തീരുമാനം



**വൈപ്പിൻ:** വൈപ്പിൻ നിയോജക മണ്ഡലത്തിൽ മാലിന്യ സംസ്കരണം സമയബന്ധിതമായി നടപ്പാക്കാൻ തീരുമാനം. സമ്പൂർണ ശുചിത്വ കർമ്മപരിപാടിയുടെയും ഹൈക്കോടതി നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന്റെയും പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനായി ഓച്ചന്തുരുത്ത് സഹകരണനിലയം ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

കെ.എൻ ഉണ്ണികൃഷ്ണൻ എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. നഗരപ്രദേശങ്ങളിലെപ്പോലെ ഗുരുതരമല്ലെങ്കിലും പഞ്ചായത്തുകളിലും പ്രത്യേകിച്ച് വിനോദ സഞ്ചാരികൾ കൂടുതലായി വരുന്ന തീരദേശങ്ങളിൽ മാലിന്യ സംസ്കരണം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വൈപ്പിൻ മണ്ഡലം സമ്പൂർണ ശുചിത്വ പ്രദേശമാക്കി മാറ്റാൻ എല്ലാവരും സഹകരിക്കണമെന്നും എംഎൽഎ പറഞ്ഞു. .

നിയോജക മണ്ഡലം സമ്പൂർണ ശുചിത്വമാക്കാൻ തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പരിപാടികൾ തന്നെയാണ് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലും പരാമർശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച സമയക്രമം പാലിച്ചു കൂടുതൽ ജനപങ്കാളിത്തത്തോടെ പരിപാടികൾ നടപ്പാക്കുക, പഞ്ചായത്തിൽ രൂപീകരിച്ച സംഘാടക സമിതി വിട്ടു പോയവരുണ്ടെങ്കിൽ അവരെ കൂടി ഉൾപ്പെടുത്തി അടിയന്തിരമായി വിളിച്ചു ചേർക്കുക, വാർഡുതല സമിതികളും അയൽകൂട്ട യോഗങ്ങളും സംഘടിപ്പിക്കുക, പരിശീലനം ലഭിച്ച വളണ്ടിയർമാരെ ഈ യോഗങ്ങളിൽ വിശദീകരണത്തിനു നിയോഗിക്കുക, ഗൃഹസന്ദർശനത്തിനും നോട്ടീസ് നൽകുന്നതിനും സ്കാഡുകൾ രൂപീകരിക്കുക, വാതിൽപ്പടി മാലിന്യ ശേഖരണവുമായി സഹകരിക്കാത്ത കുടുംബങ്ങളെയും സ്ഥാപനങ്ങളെയും സ്കാഡുകൾ സന്ദർശിച്ച് നോട്ടിസ് നൽകി കാര്യങ്ങൾ ബോധ്യപ്പെടുത്തുക തുടങ്ങി തീരുമാനങ്ങൾ യോഗത്തിൽ അംഗീകരിച്ചു.

അയൽകൂട്ട യോഗങ്ങളിൽ മാലിന്യ കൂനകൾ നീക്കം ചെയ്യുന്നതിനും തോടുകളിലെയും ജലാശയങ്ങളിലെയും മാലിന്യങ്ങൾ നീക്കം ചെയ്തു ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മഴക്കാലപൂർവ ശുചീകരണ ക്യാമ്പയിന്റെ ഫണ്ടും തൊഴിലുറപ്പ് തൊഴിലാളികൂടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും ഇതിനുപയോഗിക്കാം. തൊഴിലുറപ്പു തൊഴിലാളികളെ കൂടാതെ എൻ.എസ്.എസ്, എസ്.പി.സി, കുടുംബശ്രീ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, സന്നദ്ധ സംഘടന പ്രവർത്തകർ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ എന്നിവയെ യജ്ഞവുമായി സഹകരിപ്പിക്കണം.

തോടുകളിലേക്കും ജലാശയങ്ങളിലേക്കും മലിനജലം ഒഴുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. സർക്കാർ സ്ഥാപനങ്ങളും വിദ്യാലയങ്ങളും ശുചീകരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർത്ത് നിർദ്ദേശം നൽകണം. ഉപയോഗ ശൂന്യമായ ഫർണിച്ചർ, ഇമാലിന്യം, മറ്റു മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യണം. പ്രചരണ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുതലത്തിൽ ആവിഷ്കരിച്ചു നടപ്പാക്കണം. സംസ്ഥാന പാത ശുചിത്വ പാത എന്ന ആശയം ഉൾക്കൊണ്ട് പാത കടന്നുപോകുന്ന പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങളെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സമിതി രൂപീകരിച്ച് മാലിന്യ രഹിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നിയമ ലംഘനം നടത്തുന്നവരെ കണ്ടെത്തി ശിക്ഷിക്കുന്നതിനുള്ള പരിശോധനയും സംവിധാനവും സജ്ജമാക്കണമെന്നും യോഗം നിർദ്ദേശിച്ചു.

മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പഞ്ചായത്തുകൾ യോഗത്തിൽ അവതരിപ്പിച്ചു. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വൈപ്പിൻ, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളുടെയും എളങ്കുന്നപ്പുഴ, കടമക്കുടി, മുളവുകാട്, ഞാറക്കൽ, എടവനക്കാട്, പള്ളിപ്പുറം ഗ്രാമ പഞ്ചായത്തുകളുടെയും പ്രതിനിധികൾ പള്ളിപ്പുറം, എളങ്കുന്നപ്പുഴ, കടമക്കുടി ഗ്രാമപഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർമാർ, ഞാറക്കൽ, മുളവുകാട് അസി. സെക്രട്ടറിമാർ ഹരിത കേരളം മിഷൻ സീനിയർ ആർപിമാരായ ദേവരാജൻ മാസ്റ്റർ, പി.ജി മനോഹരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# സഹകരണ മേഖലയിൽ കുറ്റമറ്റ നിയമം അനിവാര്യം: മന്ത്രി വി.എൻ. വാസവൻ

സഹകരണ മേഖലയുടെ കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് സമഗ്രമായ നിയമ ഭേദഗതി അനിവാര്യമാണെന്ന് സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ.

പതിനഞ്ചാം കേരള നിയമസഭയുടെ 2022ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മൂന്നാമത്തെ നിയമ ഭേദഗതിയാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. നിയമം നിലവിൽ വരുമ്പോൾ സഹകരണ മേഖല ഇത്രയും വിപുലമായിരുന്നില്ല. ഇന്ന് സംസ്ഥാനത്താകെ 29000 ത്തിലധികം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്ന് കോടിയിലധികം അംഗങ്ങളാണ് മേഖലയിലുള്ളത്. കേരള ജനസംഖ്യയുടെ 95% സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം കടന്നുചെന്നിട്ടുണ്ട്.

സഹകരണ മേഖല അതിവേഗം കുതിച്ചുയരുന്ന കാലഘട്ടത്തിൽ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകരമാകുന്ന നിയമ പരിരക്ഷയും സംരക്ഷണവും സുതാര്യതയും ഉറപ്പാക്കാൻ കഴിയണം. സഹകരണ മേഖലയിലെ ഒറ്റപ്പെട്ട ക്രമക്കേടുകൾ സാമാന്യവത്കരിച്ചു കൊണ്ടുള്ള പ്രചാരണം നടന്നിരുന്നു. ഇത്തരം സ്ഥിതി ആവർത്തിക്കരുത്. അതിന് കുറ്റമറ്റ നിയമം അനിവാര്യമാണ്. ഇതിനായുള്ള പരിശ്രമമാണ് നടത്തുന്നത്. 14 ജില്ലകളിലും സിറ്റിംഗ് നടത്തി പൊതുജനങ്ങൾ, ജനപ്രതിനിധികൾ, സഹകാരികൾ, സഹകരണ സംഘങ്ങളിലെ ജീവനക്കാർ, സഹകരണ സംഘങ്ങളിലെ ബോർഡ് അംഗങ്ങൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ആരായും. തുടർന്ന് സംസ്ഥാന തലത്തിൽ ശിൽപ്പശാല സംഘടിപ്പിക്കും. മറ്റു സംസ്ഥാനങ്ങളിലെ ഈ മേഖലയിലെ നിയമങ്ങളും പഠിക്കും. ഇതിനു ശേഷമാകും അന്തിമ ബിൽ അവതരിപ്പിക്കുകയെന്നും മന്ത്രി പറഞ്ഞു.

മന്ത്രി വി.എൻ വാസവൻ ചെയർമാനായ സെലക്ട് കമ്മിറ്റി ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ളവരുടെ അഭിപ്രായമാണ് ചർച്ച ചെയ്തത്.

കലൂർ എ.ജെ. ഹാളിൽ നടന്ന യോഗത്തിൽ ടി.ജെ. വിനോദ് എം.എൽ.എ, സെലക്ട് കമ്മിറ്റി അംഗങ്ങളായ കടകംപള്ളി സുരേന്ദ്രൻ, ഇ. ചന്ദ്രശേഖരൻ, കോവൂർ കുഞ്ഞുമോൻ, ശാന്തകുമാരി, കെ.കെ. രമ, വി.ആർ. സുനിൽകുമാർ, തോമസ് .കെ.തോമസ്, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി എന്നിവർ പങ്കെടുത്തു.



# താലൂക്ക് തലം മുതൽ എല്ലാ ആശുപത്രികളും സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കും: മന്ത്രി

**ചേർത്തല:** താലൂക്ക് തലം മുതലുള്ള എല്ലാ ആശുപത്രികളും സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളാക്കാനാണ് ആർദ്രം മിഷനിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നതെന്നു ആരോഗ്യ മന്ത്രി വീണ ജോർജ്. ചേർത്തല കരുവ നഗരകുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാർ ആശുപത്രികളിൽ എത്തുന്നവരുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം പരിശോധിച്ചാൽ 60 ശതമാനത്തിന് മുകളിൽ സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇതിനനുസരിച്ചുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ചേർത്തല ആശുപത്രിയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു മികച്ച ആശുപത്രിയായി മാറ്റിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

നഗരാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ സേവനങ്ങളും പൂർണമായും സൗജന്യമാണ്. പൊതുജനാരോഗ്യ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെ കൂടുതൽ ശാക്തീകരിക്കുക, പൊതുജനാരോഗ്യം ഉറപ്പാക്കുക, സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങളാണ് നഗര ആരോഗ്യ കേന്ദ്രത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് അധ്യക്ഷത വഹിച്ചു.ചേർത്തല നഗരസഭ ചെയർപേഴ്സൺ ഷേർളി ഭാർഗവൻ, വൈസ് ചെയർമാൻ ടി. എസ് അജയകുമാർ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാരായ ശോഭ ജോഷി, ജി. രഞ്ജിത്ത്, ലിസി ടോമി, എ.എസ്. സാബു, ഏലിക്കുട്ടി ജോൺ, മുനിസിപ്പൽ സെക്രട്ടറി ടി. കെ സുജിത്ത്, പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ കെ. പ്രസാദ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുനാ വർഗീസ്, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ. ആർ രാധാകൃഷ്ണൻ, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. എൻ. അനിൽകുമാർ, ആർദ്രം മിഷൻ ജില്ലാ നോഡൽ ഓഫീസർ ഡോ. ഡീവർ പ്രഹ്ലാദ്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.46 ലക്ഷം രൂപ ചെലവഴിച്ചാണ് നഗരാരോഗ്യ കേന്ദ്രം നിർമിച്ചത്.



# ആവേശമായി എന്റെ കേരളം ബീച്ച് വാക്ക്

യുവതയുടെ കേരളം എന്ന ആശയവുമായി ഏപ്രിൽ 17 മുതൽ 23 വരെ ആലപ്പുഴ ബീച്ചിൽ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേളയ്ക്ക് മുന്നോടിയായി ആലപ്പുഴയിൽ നടന്ന ബീച്ച് വാക്കിൽ നൂറുകണക്കിന് കായിക താരങ്ങളും ജനപ്രതിനിധികളും അണിനിരന്നു.

യൂണിഫോമിൽ അണിനിരന്ന കായികതാരങ്ങൾക്കുപുറമേ ആലപ്പുഴയിലെ ജനപ്രതിനിധികളും നടത്തത്തിൽ പങ്കെടുത്തതോടെ ബീച്ച് യുവ ശക്തിയുടെ കാഹളമായി. സ്പോർട്സ് കൗൺസിലും ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പും ചേർന്ന് സംഘടിപ്പിച്ച ബീച്ച് വാക്ക് എ.എം. ആരിഫ് എംപി, പി.പി. ചിത്തരഞ്ജൻ എം.എൽ.എ. എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരികുന്നതെന്ന് എ.എം. ആരിഫ് എം.പി. പറഞ്ഞു.

സർക്കാരിന്റെ രണ്ടാം വർഷത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ ഭൂരിഭാഗവും പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ഏഴ് വർഷത്തിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും കാർഷിക രംഗത്തും സംസ്ഥാനം വലിയ പുരോഗതി കൈവരിച്ചതായി പി.പി. ചിത്തരഞ്ജൻ എം.എൽ.എ. പറഞ്ഞു. ബീച്ച് വാക്കിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.ജി. രാജേശ്വരി, ജില്ല കളക്ടർ ഹരിത വി. കുമാർ, ജില്ലാ പഞ്ചായത്ത് അംഗം ആർ. റിയാസ്, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അർജ്ജുന പി.ജെ. ജോസഫ്, വൈസ് പ്രസിഡന്റ് വി.ജി. വിഷ്ണു, എക്സിക്യൂട്ടീവ് അംഗം ടി ജയമോഹനൻ, കോച്ച് എ. അഭിരാജ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. എസ്. സുമേഷ്, സാക്ഷരതാ മിഷൻ ജില്ലാ കോ ഓഡിനേറ്റർ കെ.വി. രതീഷ്, തുടങ്ങിയവർ പങ്കെടുത്തു. ആലപ്പുഴ ഡബ്ല്യു. ആൻഡ് സി. ആശുപത്രിക്കു സമീപം ആരംഭിച്ച പരിപാടി വിജയ് പാർക്കിൽ അവസാനിച്ചു.

## ഭൂ ക്രയവിക്രയത്തിനായി സംയോജിത പോർട്ടൽ ഉടൻ വരും: മന്ത്രി കെ രാജൻ

സംസ്ഥാനത്ത് ഭൂക്രയവിക്രയത്തിനായി രജിസ്ട്രേഷൻ, റവന്യു, സർവേ വകുപ്പുകളുടെ പോർട്ടലുകൾ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് പോർട്ടൽ ഉടൻ നിലവിൽ വരുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. പുതിയതായി നിർമിച്ച ഇളമ്പള്ളൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഭൂവിനിയോഗത്തിന്റെ സങ്കീർണതകൾ മറികടക്കുകയാണ് സംയോജിത പോർട്ടലിന്റെ ലക്ഷ്യം. ആദ്യഘട്ടമായി ഈ വർഷം ജൂണിൽ അഞ്ച് വില്ലേജുകളിൽ പോർട്ടൽ നിലവിൽ വരും. സാധാരണക്കാർ ഓഫിസുകൾ കയറിയിറങ്ങുന്ന അവസ്ഥ മാറ്റുകയാണ് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ലക്ഷ്യം. വില്ലേജ്തല ജനകീയ സമിതികൾക്ക് സ്റ്റാറ്റിയുട്ടറി പദവി നൽകുമെന്നും മന്ത്രി പറഞ്ഞു.

പി സി വിഷ്ണുനാഥ് എം എൽ എ അധ്യക്ഷനായി. 40 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തീകരിച്ച കെട്ടിടത്തിൽ പി സി വിഷ്ണുനാഥ് എം എൽ എയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വിനിയോഗിച്ചാണ് ഫർണീച്ചർ, കമ്പ്യൂട്ടർ, സൗണ്ട് സിസ്റ്റം, പോഡിയം ഉൾപ്പടെയുള്ള ആധുനിക സൗകര്യങ്ങൾ സജ്ജീകരിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി യശോദ, ഇളമ്പള്ളൂർ പഞ്ചായത്ത് പ്രസിഡന്റ് റജി കല്ലംവിള, വൈസ് പ്രസിഡന്റ് ജലജ ഗോപൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പ്രിജി ശശിധരൻ, എൻ എസ് പ്രസന്നകുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ സുശീല ടീച്ചർ, എ ഡി എം ആർ ബീനാ റാണി, കൊല്ലം തഹസിൽദാർ ജാസ്മിൻ ജോർജ്, രാഷ്ട്രീയകക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പഠനത്തോടൊപ്പം ജോലി ഉടൻ കേരളത്തിലും: മുഖ്യമന്ത്രി

വിദേശ രാജ്യങ്ങളുടെ മാതൃകയിൽ പഠനത്തോടൊപ്പം ജോലി എന്ന ആശയം കേരളത്തിലും ഉടൻ യാഥാർഥ്യമാകുമെന്നും സർക്കാർതലത്തിൽ ഇതിനു നടപടി ആരംഭിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ. ഉപരിപഠനത്തിനായി ധാരാളം വിദ്യാർഥികൾ വിദേശ രാജ്യങ്ങളിലേക്കു പോകുന്ന കാലമാണിത്. ഇക്കാര്യത്തിൽ ഉത്കണ്ഠയുടെ ആവശ്യമില്ല. ലോകത്തുണ്ടാകുന്ന മാറ്റങ്ങളുടെ ഭാഗമാണിത്. ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിനായി വിദേശ വിദ്യാർഥികൾ വൈകാതെ കേരളത്തിലേക്കുമെത്തുമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ പ്രതിവാര ടെലിവിഷൻ സംവാദ പരിപാടി നാം മുന്നോട്ട്ന്റെ പുതിയ എപ്പിസോഡിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പാണ് നാം മുന്നോട്ട് പരിപാടി നിർമിക്കുന്നത്.കേരളത്തിൽനിന്നു നാലു ശതമാനത്തോളം വിദ്യാർഥികൾ ഓരോ വർഷവും ഉപരിപഠനത്തിനു വിദേശരാജ്യങ്ങളിലേക്കു പോകുന്നുവെന്നാണു കണക്കെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

## ചലച്ചിത്ര മേളകൾ സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കും: മന്ത്രി ജെ ചിഞ്ചുറാണി

സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ രാജ്യാന്തര ചലച്ചിത്രമേളകൾ സുപ്രധാനമായ പങ്കാണ് വഹിക്കുതെന്ന് മൃഗസംരക്ഷണ ക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി. അഞ്ചാമത് കൊയിലോൺ രാജ്യാന്തര ചലച്ചിത്ര മേളയുടെ സമാപന സമ്മേളനം ബിഷപ്പ് ജെറോം നഗറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സിനിമ ഒരു സർഗാത്മക കല മാത്രമല്ല സാമൂഹിക പ്രതിബിംബം കൂടിയാണ്. ഇത്തരം മേളകളിലൂടെ പ്രേക്ഷകർക്ക് ലോകത്തെ വിവിധ പ്രദേശങ്ങളിലെ ജീവിതം, ഭാഷാവൈവിധ്യം, സംസ്കാരം, ഭക്ഷണം, കല എന്നിവ ഉൾക്കൊള്ളാൻ സാധിക്കും. സ്ത്രീധനം, അന്ധവിശ്വാസം, അനാചാരം എന്നിവയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് യുവജന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരം മികച്ച ആശയമായിരുന്നു. ദേശീയദേശാന്തര തലത്തിൽ ശ്രദ്ധേയമായ ചിത്രങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കാൻ തുടർന്നും ജില്ലയിൽ രാജ്യാന്തര ചലച്ചിത്ര മേളകൾ അരങ്ങേറേണ്ടത് അനിവാര്യമാണെും മന്ത്രി പറഞ്ഞു.

സംസ്ഥാന യുവജന കമ്മീഷനും കേരള സർവകലാശാല യൂണിയനും സംയുക്തമായി സംഘടിപ്പിച്ച ചലച്ചിത്രമേളയിൽ 17 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. കേരള സർവകലാശാല യൂണിയൻ ചെയർമാൻ എ വിഷ്ണു അധ്യക്ഷനായി. ചിന്ത ജെറോം മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം അനന്ദു പിള്ള, ഫെസ്റ്റിവൽ ഡയറക്ടർ ആർ ഗോപീകൃഷ്ണൻ, യുവജന കമ്മീഷൻ അംഗങ്ങളായ വി വിനിൽ, സമദ്, കേരള സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി എം നസീം, ജോയിന്റ് സെക്രട്ടറി എം എസ് ജയകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com